"ഭരണഭാഷ - മാതൃഭാഷ"

വെബ്സൈറ്റ് : www.keralapsc.gov.in
ഇ-മെയിൽ : kpsc@keralapsc.org
ഫോൺ : 0471-2546414

# കേരള പബ്ലിക് സർവീസ് കമ്മീഷൻ

നമ്പർ: AA & VW II(1)26371/13/GW

തിരുവനന്തപുരം
തീയതി:22.01.2018

**സെക്രട്ടറി**
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം.

**ഡയറക്ടർ**
ആരോഗ്യ വകുപ്പ്,
വഞ്ചിയൂർ പി.ഒ.,
തിരുവനന്തപുരം - 695 035

സർ,

വിഷയം:- നിയമന പരിശോധന - ഉദ്യോഗസ്ഥർ ഹാജരാകുന്നത് - സംബന്ധിച്ച്.

സൂചന:- 1) 14.12.2010 തീയതിയിലെ 41/2010/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.

2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 30.11.2017 തീയതിയിലെ ഇ.എ.6-67420/2013/ആ.വ.ഡ. നമ്പർ കത്ത്

*****

സൂചന(1)ലെ ഉത്തരവ് പ്രകാരം ഭാവിയിലുള്ള എല്ലാ പി.എസ്.സി. നിയമനങ്ങളിലും പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ട് കൂടി വാങ്ങിയ ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് ഉത്തരവായിരുന്നു. സർവ്വീസ് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിന് മുന്നോടിയായി, ആരോഗ്യ വകുപ്പിൽ ജോലി ചെയ്യുന്നതും സർവ്വീസ് റെഗുലറൈസ് ചെയ്യപ്പെടേണ്ടതുമായ 22 അസിസ്റ്റന്റ് സർജൻ/ ജൂനിയർ കൺസൽറ്റന്റ് /അസിസ്റ്റന്റ് ദന്തൽ സർജൻ എന്നീ ഉദ്യോഗസ്ഥരുടെ സർവ്വീസ് വെരിഫിക്കേഷൻ **28.02.2018** തീയതിയിൽ രാവിലെ **09.30**ന് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. വെരിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളവരുടെ പട്ടിക താഴെ കൊടുക്കുന്നു.

| Sl. No. | Name | Designation | Date | Time |
|---|---|---|---|---|
| 1 | SREEDEVI KRISHNAN G | Asst.Dental Surgeon | **28.02.2018** | **09.30 A.M.** |
| 2 | BAJIMON KP | " | " | " |
| 3 | BINI B | " | " | " |
| 4 | SHEEBA AK | " | " | " |
| 5 | ARUN VR | " | " | " |
| 6 | ARUN O | Assistant Surgeon | " | " |

| | | | | |
|---|---|---|---|---|
| 7 | JAYACHANDRAN N | Assistant Surgeon | **28.02.2018** | **09.30 A.M.** |
| 8 | SINI VIJAYAN | ” | ” | ” |
| 9 | SHANO PANCRASIUS | ” | ” | ” |
| 10 | AJITH KUMAR S | ” | ” | ” |
| 11 | SUJITH SURENDRAN | ” | ” | ” |
| 12 | BINIJA MERIN JOY | Jr. Consultant | ” | ” |
| 13 | SUSMITHA T ABRAHAM | Assistant Surgeon | ” | ” |
| 14 | ANJU V | ” | ” | ” |
| 15 | NEVIN JOSE | Jr. Consultant | ” | ” |
| 16 | SANDEEP K | Assistant Surgeon | ” | ” |
| 17 | SREELAKSHMI THANKAPPAN | ” | ” | ” |
| 18 | AJITH A | ” | ” | ” |
| 19 | UNNIKRISHNAN REGHUKUMARAN NAIR | Jr. Consultant | ” | ” |
| 20 | AUGUSTUS JOSEPH | Assistant Surgeon | ” | ” |
| 21 | ABHISHEK BABU JYOTHEENDRA | Jr. Consultant | ” | ” |
| 22 | VIDYA RAMANI | Asst.Dental Surgeon | ” | ” |

***ടി ഉദ്യോഗസ്ഥർക്ക് പ്രസ്തുത തീയതിയിലും സമയത്തും സർവ്വീസ് വെരിഫിക്കേഷന് വേണ്ടി പി.എസ്.സി.യുടെ പട്ടത്തുള്ള ആസ്ഥാന ഓഫീസിൽ ഹാജരാകണമെന്ന നിർദ്ദേശം അടിയന്തിരമായി നൽകേണ്ടതാണ്.*** വെരിഫിക്കേഷൻ സമയത്ത് നിയമനശിപാർശാ കത്തിലെ മേൽവിലാസം തെളിയിക്കുന്നതിനായി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള താഴെപ്പറയുന്ന **തിരിച്ചറിയൽ രേഖകളിലേതെങ്കിലും ഒന്നും, ജോലി ചെയ്യുന്ന സ്ഥാപനത്തിൽ/വകുപ്പിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള പക്ഷം ആയതുംകൂടി** നിർബന്ധമായും വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കണമെന്ന് ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദ്ദേശം നൽകേണ്ടതാണ്. **നിയമനശിപാർശാകത്തിലെ മേൽവിലാസവും തിരിച്ചറിയൽ രേഖയിലെ മേൽവിലാസവും വ്യത്യസ്തമാണെങ്കിൽ ടി മേൽവിലാസങ്ങളിലെ വ്യക്തി ഒരാൾ തന്നെയെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ/വില്ലേജ് ഓഫീസർ നൽകിയത്)** ഹാജരാക്കണമെന്നുകൂടി നിർദ്ദേശം നൽകേണ്ടതാണ്.

1. ഇലക്ഷൻ കമ്മീഷൻ നൽകിയ വോട്ടർ ഐഡന്റിറ്റി കാർഡ്.
2. ദേശസാത്കൃത ബാങ്കുകൾ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക്
3. ഡ്രൈവിംഗ് ലൈസൻസ്
4. പാസ്പോർട്ട്
5. അഡ്വക്കേറ്റ് ആയി എൻറോൾ ചെയ്യവർക്ക് ബാർ കൗൺസിൽ നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്
6. സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗർക്കു നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്

7. കേരള സംസ്ഥാനത്തിലെ സർവ്വകലാശാല ജീവനക്കാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്

8. വിമുക്ത ഭടന്മാരുടെ ഡിസ്ചാർജ് സർട്ടിഫിക്കറ്റ്/ജില്ലാ സൈനിക ക്ഷേമ ഓഫീസർ വിമുക്ത ഭടന്മാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്

9. മോട്ടോർ വാഹന വകുപ്പ് നൽകുന്ന കണ്ടക്ടർ ലൈസൻസ്

10. കേന്ദ്ര ഗവൺമെന്റ് നൽകുന്ന ആധാർ കാർഡ്

11. വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന ഫോട്ടോ പതിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്

12. ഷെഡ്യൂൾഡ് ബാങ്കുകൾ/ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്/ ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക്

മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ നിയമനവുമായി ബന്ധപ്പെട്ട പി.എസ്.സി.യുടെ നിയമനശിപാർശാകത്തിന്റെയും നിയമന ഉത്തരവിന്റെയും നിയമനാധികാരി സാക്ഷ്യപ്പെടുത്തിയ പകർപ്പ് അയച്ചുതന്നിട്ടില്ലെങ്കിൽ വെരിഫിക്കേഷൻ തീയതിക്കു മുൻപ് ലഭിക്കത്തക്കവണ്ണം അയച്ചു തരേണ്ടതാണ്.

വിശ്വസ്തതയോടെ,

പ്രീജ എ.പി.
**അണ്ടർ സെക്രട്ടറി**
കേരള പബ്ലിക് സർവീസ് കമ്മീഷൻ
സെക്രട്ടറിയ്ക്കുവേണ്ടി